പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 986** **28.04.2017-ന് മറുപടിയ്ക്ക്**

**മങ്കട വ്യവസായ സോണുകൾക്കായി ഭൂമി**

| **ചോദ്യം**<br>**ശ്രീ. ടി. എ. അഹമ്മദ് കബീർ** | **ഉത്തരം**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2016-17 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മങ്കടവിലെ വ്യവസായ സോണുകൾക്കായി 690 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;<br><br>(ബി) റവന്യൂ വകുപ്പ് നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് 690 ഏക്കർ ഭൂമി ഏറ്റെടുത്ത് വ്യവസായ വകുപ്പിന് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) ഇത് സംബന്ധിച്ച് ഭൂമി ഏറ്റെടുത്ത് കിൻഫ്രാക്ക് കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും 02/03/2016-ലെ സ.ഉ(കൈ)നം.209/16 പ്രകാരം മങ്കട വില്ലേജിൽ കിൻഫ്രയുടെ വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി 690 ഏക്കർ ഭൂമി നെഗോഷിയേഷൻ വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടെങ്കിലും, പ്രസ്തുത ഉത്തരവിൽ സർവ്വേ നമ്പറുകൾ ഉൾപ്പെട്ടിട്ടില്ല. മലപ്പുറം ജില്ലയിലെ പെരുന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ എസ്റ്റേറ്റ് ഭൂമി കിൻഫ്രയുടെ വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി കണ്ടെത്തുകയുണ്ടായി. എസ്റ്റേറ്റുകൾ വാങ്ങുമ്പോൾ സമാന എസ്റ്റേറ്റുകളുടെ വില താരതമ്യപ്പെടുത്തിയാണ് നെഗോഷിയേറ്റ് ചെയ്യേണ്ടത്. എന്നാൽ ജില്ലാ രജിസ്ട്രാറിൽ നിന്നും എസ്റ്റേറ്റ് ഭൂമികൾ രജിസ്റ്റർ ചെയ്തു സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞതിൽ സമാന സ്വഭാവത്തിലുള്ള ആധാരങ്ങൾ ഒന്നുംതന്നെ 3 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടില്ല. മാത്രമല്ല, ഏറ്റെടുക്കേണ്ട ഭൂമി 200 ആറിൽ കൂടുതലായതിനാൽ സാമൂഹ്യ പ്രത്യാഘാതപഠനം നടത്തേണ്ടതുണ്ട്. വില നിർണ്ണയത്തിനായി എസ്റ്റേറ്റ് ഉടമകളുമായി 11/03/2016-ൽ ജില്ലാകളക്ടറുടെ ചേംബറിൽ വച്ച് നടന്ന ചർച്ചയിൽ സെന്റൊന്നിന് 70,000/- (എഴുപതിനായിരം) രൂപയിൽ താഴെ വിലക്ക് ഭൂമി കൊടുക്കുന്നതിന് തയ്യാറല്ലെന്ന് എസ്റ്റേറ്റ് ഉടമകൾ അറിയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ മിച്ചഭൂമിയിൽ ഇളവ് നൽകി, എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കുന്നതും പ്രസ്തുത എസ്റ്റേറ്റിൽ തൊഴിലാളികൾ ജോലി ചെയ്ത് വരുന്നതുമാകയാൽ ഭാവിയിൽ പല എതിർപ്പിനും നിയമപ്രശ്നങ്ങൾക്കും സാദ്ധ്യതയുള്ളതിനാൽ ഈ വിഷയം ഇപ്പോൾ പുന:പരിശോധിക്കണമെന്ന ജില്ലാകളക്ടറുടെ അഭ്യർത്ഥന സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ